**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1016** **10-06-2021 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ആവശ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri. K. Rajan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | താഴ്ന്ന വരുമാനക്കാരായ പ്രവാസിവിഭാഗങ്ങളുടെ ഭവന നിർമ്മാണ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പ്രവാസി വിഭാഗങ്ങളുടെ ഭവന നിർമ്മാണ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ചെലവു കുറഞ്ഞ രീതിയിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ഭവന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്റ്റേജ് 2-ൽ ഒഴിഞ്ഞുകിടക്കുന്ന 1.47 ഏക്കർ ഭൂമിയിൽ അഞ്ചു ബ്ലോക്കുകളിൽ 3 BHK ഫ്ളാറ്റുകളും ഒരു ബ്ലോക്കിൽ 2 BHK ഫ്ലാറ്റുകളുമായി ആകെ 72 ഫ്ളാറ്റുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയിൽ ആദ്യ ഘട്ടത്തിൽ 24 ഫ്ലാറ്റുകൾ ഉൾപ്പെട്ട 2 ബ്ലോക്കുകൾ വീതം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രവാസികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതികളൊന്നും സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിലവിലില്ല. |
| (സി) | പദ്ധതി കൂടുതൽ ആകർഷകമാക്കി കൂടുതൽ പ്രവാസികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | ടി പദ്ധതി കൂടുതൽ ആകർഷകമായ രീതിയിൽ കൂടുതൽ പ്രവാസികൾക്ക് പ്രയോജനം ലഭിക്കുന്നതിനു വേണ്ടി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ